കത്തുകൾ

# സൊണാൽഷാ
## സംഘ്പരിവാറിന്റെ പ്രതിനിധാനം

**സംഘ്പരിവാറിന്റെ** വിദേശഫണ്ടിനെക്കുറിച്ച് സദ്റുദ്ദീൻ വാഴക്കാട് എഴുതിയ ലേഖനത്തിന്റെ തുടർച്ചയായി ഒരു വാർത്തയുണ്ട് ഒബാമയുടെ കാര്യാലയത്തിൽനിന്ന്. വൈറ്റ് ഹൗസിലെ 'ഓഫീസ് ഓഫ് സോഷ്യൽ ഇന്നവേഷ'ന്റെ മേധാവിയായി ഇന്ത്യൻ വംശജയായ സൊണാൽഷാ നിയമിതയായിരിക്കുന്നു. അമേരിക്കയിലെ ആഭ്യന്തര നയരൂപീകരണത്തിന് വേണ്ടിയുള്ള ഡൊമസ്റ്റിക് പോളിസി കൗൺസിലിന്റെ കീഴിലാണ് ഈ 'സാമൂഹിക നവീകരണ വിഭാഗം' പ്രവർത്തിക്കുന്നത്. സാമൂഹികക്ഷേമ രംഗത്ത് ലാഭേഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകൾക്ക് സാമ്പത്തിക സഹായങ്ങളും മാർഗനിർദേശങ്ങളും നൽകുകയാണ് കാര്യാലയത്തിന്റെ ചുമതല. ഇതിന്റെ മേൽനോട്ടമാണ് വി.എച്ച്.പി അമേരിക്ക(VHPA)യുടെ പ്രതിനിധി കൂടിയായ സൊണാൽഷാക്ക് ലഭിച്ചിരിക്കുന്നത്.


2008 നവംബർ ആറിനാണ് ഒബാമയുടെ ഉപദേശക സമിതിയിൽ സൊണാൽഷായെ ഉൾപ്പെടുത്തിയത്. ബുഷിൽനിന്നും ഒബാമയിലേക്കുള്ള അധികാരക്കൈമാറ്റ സഹായക സംഘ(ട്രാൻസിഷൻ ടീം)ത്തിലെ അംഗമായിരുന്നു അവർ. സാമ്പത്തിക വിദഗ്ധയായ സൊണാൽഷാ ഗൂഗിളിന്റെ സാമൂഹിക ക്ഷേമ വിഭാഗം ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

41കാരിയായ സൊണാൽഷാ,വി.എച്ച്.പി അമേരിക്കയുടെ സജീവ പ്രവർത്തകയാണ്. മാറ്റംകൊതിച്ച് ഒബാമാ ഭരണകൂടത്തെ ലോകമനസ്സാക്ഷി വരവേറ്റപ്പോൾ, വിശ്വഹിന്ദു പരിഷത്ത് പോലെയുള്ള ഒരു വർഗീയ സംഘടനയുടെ വക്താവ് ഒബാമാ ഭരണകൂടത്തിൽ വരികയെന്നത് വിലയ മാനക്കേടാണ്. എന്നാൽ തികഞ്ഞ ആസൂത്രണത്തോടു കൂടിയുള്ള സംഘ്പരിവാർ ശക്തികളുടെ നീക്കങ്ങളുടെ വിജയം കൂടിയായി വേണം ഇതിനെ കാണാൻ. അതും ഫണ്ടിംഗ് ഏജൻസിയുടെ മുഖ്യ ചുമതലയിൽ!

2001-ൽ സൊണാൽഷാ വി.എച്ച്.പി അമേരിക്കയുടെ നാഷ്നൽ കോ-ഓർഡിനേറ്ററായിരുന്നു. പ്രസ്തുത കാലയളവിലാണ് ഗുജറാത്ത് ഭൂകമ്പമുണ്ടാവുന്നത്. ഈ സമയത്ത് ഭൂകമ്പ ദുരിതാശ്വാസങ്ങളിൽ ഭാഗഭാക്കായിരുന്ന വി.എച്ച്.പി അമേരിക്ക, മുസ്‌ലിം- മുസ്‌ലിമേതര വിഭാഗങ്ങൾക്കിടയിൽ വിവേചനപരമായാണ് ഇടപെട്ടത്.

സൊണാലിന്റെ പിതാവാകട്ടെ ഏകൽ വിദ്യാ പീഠങ്ങളിലെ അംഗവും ആർ.എസ്.എസ് അനുഭാവിയുമാണ്. മോഡിയെ അദ്ദേഹം പിന്തുണച്ചിരുന്നു. ആർ.എസ്.എസ്, വി.എച്ച്.പി അജണ്ടകൾ നന്നായി അറിയാവുന്ന പശ്ചാത്തലമായിരുന്നു അവരുടേതെന്നർഥം. ഇക്കാര്യമുണർത്തി ഇന്റർനെറ്റിൽ ശക്തമായ കാമ്പയിൻ നടക്കുകയാണ്. www.change.gov എന്ന സൈറ്റിലൂടെ പ്രതികരിക്കാനും ആഹ്വാനമുണ്ട്. മറുവശത്ത്, സൊണാൽഷാക്ക് വി.എച്ച്.പി അമേരിക്ക പിന്തുണ നൽകിയിരിക്കുകയാണ്. വി.എച്ച്.പി ഒരു ചാരിറ്റി ഓർഗനൈസേഷൻ ആണെന്ന് വരുത്താനുള്ള കാമ്പയിനും അവർ നടത്തുന്നു.

**കെ. സുഹൈറലി തിരുവിഴാംകുന്ന്**
zuhairalik@gmail.com




## പർദാ പരസ്യങ്ങളെക്കുറിച്ച്

**സ്ത്രീകളുടെ** വസ്ത്രം, ശരീരത്തോട് ഒട്ടിനിൽക്കുന്നതോ ശരീരഭാഗങ്ങൾ നിഴലിച്ചു കാട്ടുന്നതോ ആവരുതെന്നാണ് ഇസ്‌ലാം അനുശാസിക്കുന്നത്. പൊതുവെ മുസ്‌ലിം ലോകം അംഗീകരിച്ച സ്ത്രീ വസ്ത്രങ്ങളിൽ പ്രധാനപ്പെട്ടതാണ് പർദ. എന്നാൽ, ഇന്ന് പർദയുടെ പരിണാമം നമ്മെ ദുഃഖിപ്പിക്കുന്നു. കച്ചവടതാൽപര്യത്തിനു വേണ്ടി 'ബോഡിഷേപ്പ്ഡ്' പർദകൾ പുറത്തിറക്കുകയും പരസ്യങ്ങളിലൂടെ പ്രചാരം നൽകുകയും ചെയ്യുന്നു. ഇതേക്കുറിച്ച് ബോധവത്കരിക്കേണ്ട *പ്രബോധനം*, അത്തരം പരസ്യങ്ങൾ ആലേഖനം ചെയ്ത് പുറത്തിറക്കുന്നത് (2009 ജൂൺ 6)തീർത്തും ദുഃഖകരമാണ്.

**സി.പി ആരിഫ്, ടി.കെ.എം.സി.ഇ കൊല്ലം**

## സംഘടനാതീത ബന്ധം വേണം

**ഡോ.** അബ്ദുസ്സലാം വാണിയമ്പലത്തിന്റെ 'പുനർവിചിന്തനങ്ങൾക്ക് ആർജവം കാണിക്കുക' എന്ന ലേഖനത്തിലെ (ജൂൺ 6) 'സംഘടനാ പക്ഷപാതിത്വം' എന്ന ഭാഗം ആവർത്തിച്ചു വായിക്കേണ്ടതാണ്. ഇസ്‌ലാമിനു വേണ്ടിയുള്ള കൂട്ടായ്മയുടെ അനിവാര്യതക്ക് അടിവരയിടുന്നതോടൊപ്പം സംഘടനാ ഘടനയെ വിഗ്രഹവത്കരിക്കുന്ന തെറ്റായ സമീപനത്തെ കരുതിയിരിക്കേണ്ടതുമുണ്ട്.

ചെറിയൊരു ഗ്രൂപ്പ് വിചാരിച്ചാൽ വിജയിപ്പിച്ചെടുക്കാവുന്ന ചെറിയൊരു ദൗത്യമല്ല ഇസ്‌ലാമിക പരിവർത്തനമെന്ന നിരീക്ഷണവും സവിശേഷമായി മനസ്സിലാക്കേണ്ടതാണ്. 'തആവുനു അലൽബിർരിവത്തഖ്‌വാ' (നന്മയിലും ദൈവഭക്തിയിലുമുള്ള സഹകരണം) വ്യക്തികൾ തമ്മിൽ മാത്രം പോരാ, സംഘടനാതലത്തിലേക്ക് വളരേണ്ടതുണ്ട്. മാനവികതയുടെ പേരിൽ വിശാലത കാട്ടുമ്പോൾ തന്നെ ആദർശബന്ധുക്കളോട് സങ്കുചിതത്വം കാണിക്കുന്ന അനുഭവങ്ങളുണ്ട്.

ഇസ്‌ലാമിക പ്രസ്ഥാനമെന്ന് പറയുമ്പോഴുള്ള പുതിയ അർഥകൽപനയിലും സാംഗത്യമുണ്ട്. ഒരുവേള പ്രസ്ഥാന പ്രവർത്തകരെ പോലെതന്നെ ദീനീവിജയം സ്വപ്നം കാണുകയും അതിനു വേണ്ടി ബോധപൂർവമോ അല്ലാതെയോ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന വ്യക്തികളും സംഘടനകളും നമുക്കു ചുറ്റും നിരവധിയുണ്ട്. അവരും 'വിശാല ഇസ്‌ലാമിക പ്രസ്ഥാന'ത്തിന്റെ ഭാഗമാണ്. അത്തരക്കാരുമായി സഹകരിക്കുമ്പോൾ നമുക്ക് വിശാലത കൈവരികയും ഒപ്പം തൗഹീദിന്റെ സമഗ്രത അവരിലേക്കുകൂടി സന്നിവേശിപ്പിക്കാൻ കാരണമാവുകയും ചെയ്യും. നമ്മൾ പ്രബോധകരായിരിക്കണമെന്ന മൗലിക കാര്യം സഹോദരങ്ങളെ ഉണർത്താനും ഈ രീതി സഹായിക്കും.

എല്ലാ മുസ്‌ലിംകളും തൗഹീദീ വാഹകരാണെന്നതും തൗഹീദിന്റെ വ്യാഖ്യാനത്തിൽ മാത്രമാണ് ഭിന്നിപ്പെന്നതും വിസ്മരിക്കരുത്.

**ഫാറൂഖ് ഉസ്മാൻ കുഞ്ഞിമംഗലം**

# ശ്രീലങ്കൻ വംശഹത്യ സോളിഡാരറ്റി പ്രതികരിച്ചിരുന്നു

**ശ്രീലങ്കയിലെ** തമിഴ് ജനതക്ക് നേരെ നടന്ന വംശഹത്യക്കെതിരെ എന്തുകൊണ്ട് സോളിഡാരിറ്റി പ്രതികരിച്ചില്ല എന്ന് ചോദ്യമുന്നയിച്ച എം. സത്യവ്രതന്റെ പ്രതികരണം വായിച്ചു (ലക്കം 2). തമിഴ് വംശഹത്യക്കെതിരെ കേരളത്തിൽ ഏറ്റവുമാദ്യം പ്രതികരിച്ചത് സോളിഡാരിറ്റിയാണെന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാവില്ല. ശ്രീലങ്കൻ ഗവൺമെന്റ് 'പുലി' വേട്ടയുടെ മറവിൽ നടത്തിയ തമിഴ് കൂട്ടക്കുരുതിക്കെതിരെ നൂറിലധികം കേന്ദ്രങ്ങളിൽ ഏപ്രിൽ 25,26,27 തീയതികളിൽ പ്രതിഷേധ പ്രകടനങ്ങൾ നടത്തിയിരുന്നു. ഏപ്രിൽ 24-ലെ പത്രങ്ങളിൽ സോളിഡാരിറ്റി സംസ്ഥാന സമിതിയുടേതായി കേരളത്തിൽ വ്യാപക പ്രതിഷേധ പ്രകടനങ്ങൾ നടത്താനും തമിഴ് വംശഹത്യക്കെതിരെ ശക്തമായി പ്രതികരിക്കാനും ആഹ്വാനം ചെയ്ത പ്രസ്താവന പ്രസിദ്ധീകരിച്ചിരുന്നു. ഈ വിഷയത്തിൽ കേരളത്തിൽ ആദ്യം പ്രതികരിച്ച സംഘം എന്ന നിലയിൽ സോളിഡാരിറ്റിയെ കേരളത്തിലെ തമിഴ് തൊഴിലാളികൾ ശ്ലാഘിച്ചിട്ടുണ്ട്. ശ്രീലങ്കൻ തമിഴ് അഭയാർഥികൾ അധിവസിക്കുന്ന കൊല്ലം ജില്ലയിലെ ആർ.പി.എൽ നിവാസികൾ സോളിഡാരിറ്റിയുടെ പ്രതികരണത്തിൽ സന്തോഷം രേഖപ്പെടുത്തിയത് ഈ കുറിപ്പുകാരന് നേരിട്ടറിയാം. മുഖ്യധാരാ യുവജന സംഘടനകൾ മൗനത്തിന്റെ ഇരുട്ടറയിൽ ഒളിച്ച സന്ദർഭത്തിൽ ലോകത്തിലെ ഏത് അനീതിക്കെതിരെയുമെന്ന പോലെ ഈ പ്രശ്നത്തിലും സോളിഡാരിററിയുടെ പ്രതികരണമുണ്ടായിട്ടുണ്ട്. തെരഞ്ഞെടുപ്പ് ചൂടിനിടയിൽ മുഖ്യധാരാ മാധ്യമങ്ങൾ വാർത്തകൾ പലതും തമസ്കരിച്ചതുകൊണ്ടാവാം മാന്യ സുഹൃത്തിന്റെ ശ്രദ്ധയിൽ ഇത് പതിയാതിരുന്നത്.

**കെ. സജീദ്, വാദിറഹ്മ, അഞ്ചൽ**
sajeedacl@gmail.com

## ഒരു സന്ദർശനത്തിന്റെ ഓർമക്ക്

**ഉമ്മയുടെ** ചികിത്സാർഥം കടവന്ത്രയിലെ ഹോമിയോ ഡോക്ടറുടെ അടുത്തെത്തിയതായിരുന്നു ഞാൻ. കമലാ സുറയ്യ ഓർമയിൽ ഓടിയെത്തി. ഒരപരിചിതനായ സാധാരണക്കാരനോട് എങ്ങനെയായിരിക്കും ആ വലിയ എഴുത്തുകാരി പ്രതികരിക്കുക എന്ന സന്ദേഹത്തോടെ റോയൽ സ്റ്റേഡിയം മാൻഷനിലെത്തി.

കോളിംഗ് ബെല്ലമർത്തിയപ്പോൾ പ്രായമുള്ള ഒരു സ്ത്രീ ഇറങ്ങിവന്നു. ഞാൻ ഉമ്മയെ കാണാൻ വന്നതാണെന്നറിയിച്ചപ്പോൾ ഇരിക്കാൻ പറഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ പഴയ മാപ്പിളത്തറവാട്ടിലെ ആഢ്യത്വമുള്ള ഉമ്മാമയെ അനുസ്മരിപ്പിച്ചുകൊണ്ട് അവർ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു.

ഞാൻ പരിചയപ്പെടുത്തി, 'ബാപ്പ മരിച്ചിട്ട് അധികമായിട്ടില്ല. ഇപ്പോൾ ഒരു പരീക്ഷണം പോലെ ഉമ്മാക്ക് കിഡ്നി ഫെയിലിയറാണ്. അല്ലാഹുവിനോട് ദുആ ചെയ്യണം.....' മുഖത്ത് നോക്കിയപ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. അപരിചിതനായ ഒരു പാവം ചെറുപ്പക്കാരനു വേണ്ടി കണ്ണീർ വാർക്കുന്ന ആ സ്നേഹസ്വരൂപം ഹൃദയം കീഴടക്കി. ചിരകാല പരിചിതരെപ്പോലെ മനസ്സിനു ധൈര്യം കിട്ടത്തക്കരീതിയിൽ ഒരുപാട് ഉപദേശങ്ങൾ തന്നു. വർഷങ്ങൾക്കിപ്പുറവും ആ വാക്കുകൾ ഹൃദയത്തിൽ മുഴങ്ങുന്നു. അതുകൊണ്ടൊക്കെയാവാം സുറയ്യയുടെ മരണവാർത്ത ഉമ്മ മരിച്ച ദിവസമുണ്ടാക്കിയ പോലൊരു വേദന മനസ്സിലുണ്ടാക്കിയതും.

**ഇസ്മാഈൽ പതിയാക്കര, വടകര**

## ചുരുക്കെഴുത്ത്

**അക്ഷരാർഥത്തിൽ** കണ്ണ് നനയിക്കുന്നതായിരുന്നു കമലാ സുറയ്യക്ക് കേരളം കൊടുത്ത യാത്രാമൊഴി. സ്നേഹിക്കാൻ മാത്രമറിയാവുന്ന ആ മഹതി ഏറ്റവുമർഹിക്കുന്നതും അതായിരുന്നു. കേരളത്തിലെന്നല്ല, ലോകത്തുതന്നെ ആദ്യമായിരിക്കും ഇങ്ങനെ മതസൗഹാർദത്തോടെ ഒരു മരണാനന്തര ചടങ്ങ് നടന്നത്. മാഞ്ഞുപോകുന്ന പല നന്മകളും ഇങ്ങനെയൊക്കെ തിരിച്ചുവരും എന്ന് നമുക്കാശിക്കാം.

**മർയം ഫസൽ പെരിങ്ങാടി**

**കമലാ** സുറയ്യാ പതിപ്പിൽ വേറിട്ടു നിൽക്കുന്ന ലേഖനമാണ് ടി. മുഹമ്മദ് വേളത്തിന്റേത്. അവസാന പാരഗ്രാഫിൽ അദ്ദേഹം എഴുതിയത് വളരെ പ്രാധാന്യമർഹിക്കുന്നു. ബശീർ മുഹ്‌യിദ്ദീന്റെ ഓർമകൾ കണ്ണ് നിറക്കുന്നതാണ്. കവർസ്റ്റോറിയുടെ തിളക്കത്തിൽ മുനീർ കമീഷൻ റിപ്പോർട്ട് ശ്രദ്ധിക്കാതെ പോവുന്നപക്ഷം അതൊരു വലിയ നഷ്ടമായിരിക്കും.

**മമ്മൂട്ടി കവിയൂർ**

## അറിയിപ്പ്

കേരള മസ്ജിദ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ശാന്തപുരം അൽജാമിഅ അൽ ഇസ്‌ലാമിയ്യയിൽ ആരംഭിക്കുന്ന ത്രൈമാസ ഖുത്വ്ബ കോഴ്സിന് ചേരാൻ പേരു നൽകിയവരും, പ്രസ്തുത കോഴ്സിന് പുതുതായി അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവരും 2009 ജൂലൈ 1 ബുധനാഴ്ച രാവിലെ 10 മണിക്ക് കോഴിക്കോട് ഹിറാ സെന്ററിൽ ഹാജരാകേണ്ടതാണ്.

**സെക്രട്ടറി**
**കേരള മസ്ജിദ് കൗൺസിൽ**
**പി.ബി. നമ്പർ 833, ഹിറാ സെന്റർ**
**മാവൂർ റോഡ്, കോഴിക്കോട്-4**
**ഫോൺ: 9447179312**
Email: hiragc@asianetindia.com

## ശ്രദ്ധേയമായ സംസ്കാര ചടങ്ങ്

**സാഹിത്യത്തിലും** നിത്യജീവിതത്തിലും വിവാദ നായികയായ സുറയ്യയുടെ ഖബ്റടക്ക ചടങ്ങിൽ എം.ഡി നാലപ്പാട്ടും ജയസൂര്യയും ചിന്നൻ ദാസും മയ്യിത്ത് നമസ്കാരത്തിൽ അണിനിരന്നത് കണ്ടപ്പോൾ എന്തെന്നില്ലാത്ത സന്തോഷം! വിശ്വമാനവികതയുടെ നേർകാഴ്ചയായിരുന്നു അത്.

കുവൈത്തിലെ ഐ.പി.സി ഇസ്‌ലാം പ്രസന്റേഷൻ സൊസൈറ്റിയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന മുല്ലാ സാലഹ് മസ്ജിദിൽ സാധാരണ നമസ്കാരങ്ങളിൽ പോലും ചിലപ്പോൾ അമുസ്‌ലിം സുഹൃത്തുക്കൾ പങ്കെടുക്കാറുണ്ട്. സൊസൈറ്റി പ്രവർത്തകരുടെ കൂടെ ആരാധനാ ചടങ്ങുകൾ കാണാനും ഇസ്‌ലാമിനെ പഠിക്കാനും വരുന്നവരാണവർ. ഒരിക്കൽ അവിടെ വന്ന ഒരു അമുസ്‌ലിം സുഹൃത്ത് പറയുകയുണ്ടായി: "നമ്മുടെ നാട്ടിലാണെങ്കിൽ എന്തെല്ലാം കോലാഹലങ്ങളുണ്ടാവും. യേശുദാസിന് പോലും ചില ആരാധനാലയങ്ങളിൽ കയറാൻ കഴിയാത്ത സ്ഥിതിയല്ലേ! അഥവാ കയറിയാൽ തന്നെ പ്രശ്നപരിഹാരവും പുണ്യജലം തളിച്ചു ശുദ്ധിവരുത്തേണ്ടിവരുന്നത് നമ്മൾ കാണുന്നതല്ലേ". നമ്മുടെ മതസംഘടനകൾ ഇതിൽനിന്ന് പാഠം ഉൾക്കൊണ്ടെങ്കിൽ എത്ര നന്നായിരുന്നു.

**കൂട്ട്യാലിക്കണ്ടി മുഹമ്മദ് കോയ**
**കണ്ണങ്കടവ്**